LIBRARY ARCHIVES Kerala Legislative Assembly

## കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക

39 (1576) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷന്റെ കണക്ക് പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും 2011 മുതൽ 2016 വരെ ഓരോ വർഷവും എത്ര കോടി രൂപ വീതം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിച്ചത് സംബന്ധിച്ചും ചെലവഴിച്ചതിന്റെ കണക്കുകളും വകുപ്പ് , പദ്ധതി എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) നീതി ആയോഗ് നടപ്പിലാക്കിയതിനുശേഷം ശേഷം തുക അനുവദിക്കുന്നതിലെ ഘടനയിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ധനകാര്യ കമ്മീഷന്റെ കണക്കുപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 2011 മുതൽ 2016 വരെ ഓരോ വർഷവും ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | ധനസഹായം | കേന്ദ്രനികുതി വിഹിതം | ആകെ |
|---|---|---|---|
| 2010-11 | 425.88 | 5141.85 | 5567.73 |
| 2011-12 | 1187.99 | 5990.36 | 7178.35 |
| 2012-13 | 600.57 | 6840.65 | 7441.22 |
| 2013-14 | 1568.06 | 7468.69 | 9036.75 |
| 2014-15 | 1693.77 | 7926.29 | 9620.06 |
| 2015-16 | 5564.17 | 12690.67 | 18254.84 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നീതി ആയോഗ് നിലവിൽ വന്നതിനുശേഷം സംസ്ഥാനങ്ങൾക്ക് പദ്ധതി നടത്തിപ്പിനായി പ്രത്യേക വിഹിതം അനുവദിക്കുന്നില്ല.

## 2015-16 വർഷത്തെ റവന്യൂ വരുമാനം

40 (1577) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; ലോട്ടറി, മദ്യം എന്നീ മേഖലകളിൽ നിന്നും ലഭിച്ച വരുമാനം പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 67149.90 കോടി രൂപയാണ്. ഇതിൽ ഭാഗ്യക്കുറിയിൽനിന്നും ലഭിച്ച റവന്യൂ വരുമാനം 6318.47 കോടി രൂപയും മദ്യവിൽപനയുമായി ബന്ധപ്പെട്ട് നേരിട്ട് ലഭിച്ച വരുമാനം 1891.01 കോടി രൂപയുമാണ്.

**നികുതി വരുമാനവും കുടിശ്ശികയും**

41(1578) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച ആകെ നികുതി വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ; ടി കാലയളവിലെ നികുതി കുടിശ്ശിക എത്രയുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ നികുതി വരുമാനം 51684.07 കോടി രൂപയാണ്. ഇതിൽ സംസ്ഥാനത്തെ തനത് നികുതി വരുമാനം 39002.11 കോടി രൂപയും കേന്ദ്ര നികുതി വിഹിതം 12681.96 കോടി രൂപയുമാണ്. വാണിജ്യ നികുതി വകുപ്പിൽ 31-3-2016 വരെയുള്ള നികുതി കുടിശ്ശിക 6883.98 കോടി രൂപയാണ്. ലാൻഡ് റവന്യൂ ഇനങ്ങളിൽ 2015-16 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 123.71 കോടി രൂപയുടെ കുടിശ്ശികയുള്ളതായി കാണുന്നു. ആധാരത്തിൽ ശരിയായ മൂല്യം കാണിക്കാത്തതിനാൽ അണ്ടർ വാല്യുവേഷനവിധേയമായ ആധാരങ്ങളിൽനിന്നും 2015-16 സാമ്പത്തിക വർഷം വരെ 29.52 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. 31-12-2015-ൽ അവസാനിക്കുന്ന ക്വാർട്ടർ പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക 1477.63 കോടി രൂപയാണ്. എക്സൈസ് വകുപ്പിൽ 2015-16 സാമ്പത്തിക വർഷം നികുതി കുടിശ്ശികയില്ല.

LIBRARY ARCHIVES Kerala Legislative Assembly